بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**01-05-2026**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധത

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

*തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ ഓതിയ ശേഷംഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) പ്രതിപാദിച്ചു:*

നബിതിരുമേനി(സ)യുടെ സത്യദാസനായ വാഗ്ദത്തമസീഹി(അ)ന്റെജീവതത്തിൽനിന്ന് അവിടുന്ന് ഏതവസ്ഥയിലും സത്യത്തിൽ നിലകൊണ്ടതും ഇക്കാര്യത്തിൽ ആ പുണ്യാത്മാവ് എതിരാളികളോട് ആഹ്വാനം ചെയ്തതുമായ ഏതാനും സംഭവങ്ങളാണ് ഇന്നു ഞാൻ വിവരിക്കുന്നത്. സത്യത്തോടുള്ള വാഗ്ദത്ത മസീഹിന്റെ അപാരമായ ബന്ധവും അതു പ്രകടിപ്പിക്കാനുള്ള തന്റേടവും തുറന്നുകാട്ടുന്ന ജീവൽ മാതൃകകളാണ് അവിടുത്തെ ജീവിതത്തിലെ ഈ സംഭവങ്ങൾ.

ഹുസൂർ തിരുമനസ്സ് പറയുന്നു:

വാഗ്ദത്ത മസീഹ്(അ) കാഫിറും കള്ളവാദിയുമാണെന്ന് മുഹമ്മദ് ഹുസൈൻ ബട്ടാലവി ആരോപണം ഉന്നയിച്ചപ്പോൾ അവിടുന്ന് അവയെ കേവലം പ്രതിരോധിക്കുകയല്ല ചെയ്തത്, മറിച്ച് പൂർണവിശ്വാസത്തോടും പ്രൗഢിയോടും കൂടി നിർണായകമായ ഒരു ആഹ്വാനവും മുന്നോട്ടു വയ്ക്കുകയുണ്ടായി. താൻ ഒരിക്കലും കളവു പറഞ്ഞിട്ടില്ലെന്നതിന് തന്റെ ജീവിതമത്രയും സാക്ഷിയാണെന്ന് അവിടുന്ന് വ്യക്തിമാക്കി. സാധാരണ അവസ്ഥകളിലെന്നല്ല, ജീവനും മാനവും സമ്പത്തും രക്ഷിക്കാനായി കളവ് സുഗമമായി പറയാവുന്ന സന്ദർഭങ്ങളിൽ പോലും അതിനെ കൂട്ടു പിടിച്ചിരുന്നില്ല.

കോടതിയിൽ ജയിക്കണമെങ്കിൽ കളവു പറഞ്ഞേ തീരൂ എന്ന് അഭിഭാഷകർ തീർത്തു പറഞ്ഞപ്പോൾ പോലും ആ പുണ്യാത്മാവ് സത്യം പറയുന്നതിനാണ് പ്രാമുഖ്യം നല്കിയത്. നഷ്ടം സഹിച്ചെങ്കിലും സത്യത്തെ അവിടുന്ന് കൈവിട്ടില്ല.

പിന്നീട് തന്റെ എതിരാളികളെ ശക്തിമത്തായ നിലയിൽ അഭിസംബോധന ചെയ്തുകൊണ്ട് അവിടുന്ന് പറഞ്ഞു: *നിങ്ങൾ സ്വന്തം വാദത്തിൽ സത്യസന്ധരാണെങ്കിൽ കേവലം ആരോപണങ്ങളിൽ ഒതുങ്ങി നിൽക്കാതെ സുദൃഢവും സുവ്യക്തവുമായ തെളിവുകൾ സമർപ്പിക്കുക. എന്തെന്നാൽ, സത്യസന്ധനുംദൈവഭയമുള്ളവനുമായ മനുഷ്യൻ അന്വേഷണം നടത്താതെ ഒരിക്കലും ഒരാളെ കാഫിറെന്നോ ദുർവൃത്തനെന്നോ ആരോപിക്കുന്നതല്ല.*

ഒരു പ്രതിരോധം മാത്രമായിരുന്നില്ല ഇത്. മറിച്ച്, എതിരാളികളെ പ്രതിസ്ഥാനത്ത് കൊണ്ട് വന്ന് നിർത്തുന്ന വിധം ധാർമികവും ആധ്യാത്മികവുമായ മാനദണ്ഡം നിലനാട്ടുകയായിരുന്നു. പിന്നീട് അവിടുന്ന് വിഷയത്തെ ഉയർന്ന തലത്തിലേക്ക് കൊണ്ട് വന്ന് നിർണായകവും അപാരവുമായ ഒരു ആഹ്വാനം നടത്തുകയുണ്ടായി. വിശുദ്ധ നബി(സ)യും വിശുദ്ധ ഖുർആനും സത്യത്തിന്റെ അടയാളമായി നിശ്ചയിച്ചിരിക്കുന്നത് ആരെ

യെന്ന് നോക്കാം. അതായത് ആധ്യാത്മിക സത്യം(സത്യദർശനങ്ങളും വെളിപാടുകളും). ഒരു പൊതുസദസ്സ് വിളിച്ചു കൂട്ടി ഇരു കക്ഷികളും തങ്ങളുടെ സാക്ഷ്യങ്ങൾ അവതരിപ്പിക്കുകയും ഏതു കക്ഷിയുടെ സത്യം തെളിയുന്നുവോ ഉടൻ തന്നെ എതിർ കക്ഷി വ്യാജനും ദജ്ജാലും കള്ളവാദിയുമാണെന്ന് അംഗീകരിക്കണമെന്ന് വാഗ്ദത്ത മസീഹ്(അ) പൊതുവിളംബരം ചെയ്യുകയും ചെയ്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു: വാഗ്ദത്ത മസീഹി(അ)ന്റെ വിശ്വാസസ്ഥൈര്യം അതിന്റെ പാരമ്യത പ്രാപിക്കുന്നത് ഇവിടെ കാണാം. അവിടുന്ന് പറഞ്ഞു:

*പ്രസ്തുത പരിശോധനയിൽ ഞാൻ വ്യാജനെന്ന് തെളിയുന്നപക്ഷം എനിക്കെതിരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളത്രയും- ഞാൻ കാഫിറോ വ്യാജനോ കള്ളവാദിയോആണെന്ന ആരോപണങ്ങളായാലുംശരി- ഞാൻ സമ്മതിച്ചു തരുന്നതാണ്. അതേസമയം, ദൈവം എന്റെ സത്യത വെളിപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ ഇതേ ആരോപണങ്ങൾ സ്വീകരിക്കാൻ നിങ്ങൾ ധൈര്യപ്പെടുമോ?*

ഇവ കേവലം വെറുംവാക്കുകളായിരുന്നില്ല. മറിച്ച്,സത്യനിഷ്ഠയോടുള്ള പൂർണ വിശ്വാസം പ്രതിഫലിക്കുന്ന അങ്ങേയറ്റം വ്യക്തവും നിഷ്പക്ഷവും ശക്തവുമായ വെല്ലുവിളിയായിരുന്നു.

ഒടുവിൽ അതീവ നിശ്ചയദാർഢ്യത്തോടും ഗൗരവത്തോടും കൂടി അവിടുന്ന് പറഞ്ഞു:

*ദൈവം സ്വയം തന്നെ വിധികൽപ്പിക്കുന്നതാണ്. വ്യാജം കെട്ടിച്ചമയ്ക്കുന്നവന്റെ യാഥാർഥ്യം പുറത്തു വരുന്ന സമയം സമാഗതമായിരിക്കുന്നു. മറ്റുള്ളവരെ നിന്ദിക്കാനായി ഒരുങ്ങി വരുന്നവർ സ്വയം നിന്ദ്യരായിത്തീരും. താങ്കൾ സത്യാന്വേഷിയായിക്കൊണ്ട് എന്റെ ജീവിതത്തിൽ കണ്ണോടിക്കുന്നതായാൽ കളവിന്റെ കളങ്കത്തിൽനിന്ന് എന്നെ ദൈവം എന്നെന്നും കാത്തു രക്ഷിച്ചതായി തെളിവുകളുടെ പിൻബലത്താൽ താങ്കൾക്ക് വ്യക്തമാകുന്നതാണ്. ചില സന്ദർഭങ്ങളിൽ ഇംഗ്ലീഷ് കോടതികളിൽ എന്റെ ജീവനും മാനത്തിനും ഭീഷണി ഉയർന്നതോടെ കളവു പറയുകയേ നിവൃത്തിയുള്ളൂ എന്ന നിർദേശമാണ് എല്ലാ അഭിഭാഷകരും എനിക്ക് നല്കിയത്. എന്നാൽ പ്രതാപവാനും അത്യുന്നതനുമായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ സത്യത്തിനായി എന്റെ ജീവനും മാനവവും വരെ കൈയൊഴിഞ്ഞു. ചിലപ്പോൾ സ്വത്ത് തർക്കവുമായി ബന്ധപ്പെട്ട കേസുകളിൽ ഞാൻ വലിയ നഷ്ടം തന്നെ വഹിച്ചിട്ടുണ്ട്. ചിലപ്പോഴാകട്ടെ, ദൈവഭയം ഒന്നുകൊണ്ടു മാത്രം ഞാൻ സ്വന്തം സഹോദരനും പിതാവിനും എതിരെ സാക്ഷി പറഞ്ഞു. സത്യത്തെ ഞാൻ മുറുകെപ്പിടിക്കുകയാണ് ചെയ്തത്. എന്റെ നാവിൽനിന്ന് കളവ് ഉതിർന്നതായി ആർക്കെങ്കിലും തെളിയിക്കാനാവുമോ? അല്ലാഹുവിനു വേണ്ടി മാത്രം തുടക്കം മുതലേ മനുഷ്യരോട് കളവു പറയുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയും തന്റെ ജീവനും സ്വത്തും സത്യത്തിനായി നിരന്തരം ത്യജിക്കുകയും ചെയ്തു വരുന്ന ഞാൻ അല്ലാഹുവിന്റെ കാര്യത്തിൽ എന്തിനു കളവു പറയണം?*

മസീഹ് മൗഊദ്(അ) തുടരുന്നു:

*സത്യാത്മാക്കൾ മറ്റൊരു മാർഗേണയും പരീക്ഷിക്കപ്പെടാറുണ്ട്. അതായത്, കളവു പറയുകയല്ലാതെ രക്ഷയുടെ മറ്റു മാർഗങ്ങളൊന്നും ദൃശ്യമാകാത്ത സ്ഥിതിവിശേഷം മനുഷ്യന് വന്നു ചേരുന്നു. അവൻ സത്യത്തിലേക്കാണോ കളവിലേക്കാണോ ചായുന്നതെന്ന് പരീക്ഷിക്കപ്പെടുന്ന സന്ദർഭണത്.*

ഇതുമായി ബന്ധപ്പെട്ട് മൂന്നു സംഭവങ്ങളാണ് വാഗ്ദത്ത മസീഹ്(അ) തന്റെ ജീവിതത്തിൽനിന്ന് എടുത്തു കാട്ടിയത്. ഒന്ന്, മിർസാ അഅ്സം ബേഗ് സാഹിബ് ലാഹോരിയുടെ ശ്രമഫലമായി സ്വത്തവകാശവുമായി ബന്ധപ്പെട്ട് നൽകിയ കേസ്. രണ്ട് തപാൽ കേസ്. മൂന്ന്, വാഗ്ദത്ത മസീഹിന്റെ മകൻ സാഹിബ്സാദാ മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ഒരു ഹിന്ദുവിനെതിരെ ഫയൽ ചെയ്ത കേസ്. ആ ഹിന്ദു വാഗ്ദത്ത മസീഹിനും കുടുംബത്തിനും അവകാശപ്പെട്ട ഭൂമിയിൽ ഭവനം നിർമിച്ചതിനാൽ അതു പൊളിച്ചു കളയണമെന്നതായിരുന്നു ആവശ്യം. എന്നാൽ തയ്യാറാക്കിയ കേസിൽ ഒരു കാര്യം വസ്തുതാവിരുദ്ധമായിരുന്നു. എതിർ കക്ഷികൾ സാക്ഷിപ്പട്ടികയിൽ വാഗ്ദത്ത മസീഹിന്റെ പേരും ഉൾപ്പെടുത്തിക്കൊണ്ട് അവിടുന്ന് നൽകുന്ന സാക്ഷിമൊഴി തങ്ങൾക്ക് സ്വീകാര്യമാണെന്ന്

പറഞ്ഞു.
പ്രസ്തുത കേസിനെപ്പറ്റി വാഗ്ദത്ത മസീഹ്(അ) പറയുന്നു:
*സത്യത്തോടുള്ള പരിഗണന കാരണം ആ കേസ് ഞാൻ തന്നെ കളഞ്ഞു കുളിക്കുകയും സത്യത്തിന് മുൻഗണന നല്കിക്കൊണ്ട് സാമ്പത്തിക നഷ്ടം വരുത്തിത്തീർക്കുകയുമാണ് ചെയ്തത്.*

'*അല്ലയോ ഹദ്റത്ത് ശേഖ് സാഹിബ്.*' മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനെ അഭിസംബോധന ചെയ്തുകൊണ്ട് വാഗ്ദത്ത മസീഹ് (അ) പറയുന്നു:
*'താങ്കളുടെ ജീവനും അന്തസ്സും ധനവും നശിക്കുന്നത് കണ്ടിട്ടും ആ പരീക്ഷണഘട്ടങ്ങളിൽ താങ്കൾ സത്യം കൈവിടാത്തതും തന്റെ ജീവനെയും സമ്പത്തിനെയുംഗൗനിക്കാത്തതുമായ സമാന സംഭവം താങ്കളുടെ പക്കലും ഉണ്ടെങ്കിൽ ദയവായി ആ സംഭവം പൂർണമായ തെളിവുകൾ സഹിതം ഹാജരാക്കുക. അല്ലാത്ത പക്ഷം, ഈ കാലഘട്ടത്തിലെ മിക്ക മുല്ലാക്കളും മൗലവിമാരും വീമ്പ് പറയുന്നവരാണെന്നാണ് എന്റെ വിശ്വാസം. ചില്ലിക്കാശിന് ഈമാൻ വിറ്റുതുലയ്ക്കാൻ തയ്യാറുള്ളവരാണവർ. എന്തെന്നാൽ അവസാന കാലത്തെ മൗലവിമാർ ഏറ്റവും നികൃഷ്ടരായിരിക്കുമെന്ന് നമ്മുടെ നബിതിരുമേനി(സ) വിശേഷിപ്പിച്ചിട്ടുണ്ട്. താങ്കളുടെ മുജദ്ദിദ് മർഹൂം നവാബ് സിദ്ദീഖ് ഹസൻ ഖാൻ ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ആ അവസാന കാലം ഈ കാലഘട്ടമാണെന്ന് സമ്മതിച്ചിട്ടുള്ളതാണല്ലോ. ആകയാൽ അത്തരം മൗലവിമാരുടെ ഭക്തിയും സൂക്ഷ്മതയും തെളിവുകളില്ലാതെ സ്വീകരിക്കുന്നത് നബിതിരുമേനി(സ)യുടെ വചനങ്ങളെ നിഷേധിക്കുന്നതിന് തുല്യമാകും. അതിനാൽ താങ്കൾ ഒരു മാതൃക ഹാജരാക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ സത്യസന്ധത എന്നത് താങ്കളുടെ വെറും അവകാശവാദം മാത്രമാണെന്നായിരിക്കും തെളിയുക. പരിശോധിക്കപ്പെടാത്ത ഒരു അവകാശവാദവും സ്വീകാര്യമല്ല. കളവിന്റെയും കറ്റുകെട്ടിന്റെയും കളങ്കത്തിൽ എന്നെങ്കിലും താങ്കൾ അകപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് ആന്തരികമായി അല്ലാഹുവിനേ അറിയൂ. എനിക്ക് അത് അറിയില്ല, അദൃശ്യകാര്യങ്ങൾ അറിയുന്നത് അല്ലാഹുവാണല്ലോ. താങ്കളുടെ അവസ്ഥകൾ അറിയുന്നവർക്കും അത് അറിയാമായിരിക്കും. പരീക്ഷണം നേരിടുന്ന സമയത്ത് സത്യവാനെന്ന് തെളിയുകയും സത്യം കൈവിടാതിരിക്കുകയും ചെയ്യുന്നവന്റെ സത്യസന്ധതയിൽ സാക്ഷ്യമുദ്ര പതിപ്പിക്കപ്പെടുന്നു. പ്രസ്തുത മുദ്ര താങ്കളുടെ പക്കലുണ്ടെങ്കിൽ ഹാജരാക്കുക, അല്ലാത്തപക്ഷം അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളുക. അവൻ താങ്കളുടെ രഹസ്യങ്ങൾ വെളിപ്പെടുത്താതിരിക്കട്ടെ.*

ഹുസൂർ തിരുമനസ്സ് പറഞ്ഞു: വാഗ്ദത്ത മസീഹിന്റെ സാക്ഷിമൊഴി എതിർ കക്ഷികൾ ആവശ്യപ്പെട്ടിരിക്കുന്നുവെന്നറിഞ്ഞതോടെ അവിടുന്ന് ഒരിക്കലും കളവു പറയില്ലെന്ന് അറിയുന്ന മിർസാ സുൽത്താൻ അഹ്മദ് സാഹിബ് കേസ് പിൻവലിക്കുകയായിരുന്നു. ഹുസൂർ തിരുമനസ്സ് ആ ഭവനത്തിന്റെ അല്പം ചരിത്രവും വിവരിച്ചു. ഡെപ്യൂട്ടി ശങ്കർദാസിന്റെ മാളിക എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ജമാഅത്തിനോട് കടുത്ത വെറുപ്പും വിദ്വേഷവും വച്ചുപുലർത്തിയിരുന്ന അയാളുടെ മാളികയിൽനിന്ന് വാഗ്ദത്ത മസീഹിന്റെ വീടുകളിലേക്ക് നോട്ടമെത്തുമായിരുന്നു. തന്നെയുമല്ല, നമസ്കരിക്കാനായി വരുന്നവരെ അയാൾ അസഭ്യം പറയുമായിരുന്നു. നമസ്കരിക്കാൻ വരുന്നവർ അയാളുടെ ഈ പെരുമാറ്റത്തെപ്പറ്റി വാഗ്ദത്ത മസീഹിന് പരാതി നല്കിയപ്പോൾ അവിടുന്ന് പറഞ്ഞു: '*സഹനം കൈക്കൊള്ളുക, രാജകീയ ക്യാമ്പിനെ നിഷ്പ്രഭമാക്കാൻ ആർക്കുമാവില്ല.*'

അങ്ങനെ ആ രമ്യഹർമം തകർന്നു വീഴാൻ തുടങ്ങി. രോഗബാധിതനായതിനെ തുടർന്ന് അയാൾ അവിടെനിന്ന് ഒഴിഞ്ഞു പോയി. പിന്നീട് ആ വീട് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി വിലയ്ക്കു വാങ്ങുകയായിരുന്നു. 1932ൽ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഫീസുകൾ ഇവിടെ പ്രവർത്തനം ആരംഭിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ആണ് ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചത്. പള്ളിയിലേക്കു വരുന്നവരെ അഹങ്കാരപൂർവം തടഞ്ഞിരുന്ന വ്യക്തിയുടെ ഭവനത്തെ എന്നല്ല ആ പ്രദേശത്തെത്തന്നെ ഇന്ന് ദൈവം പള്ളിയാക്കി മാറ്റിയിരിക്കുന്നു. ഈ വീട് ഇന്ന് മസ്ജിദ് അഖ്സായുടെ ഭാഗമാണ്.

വിവിധ കേസുകളെക്കുറിച്ച് പരാമർശിച്ചു കൊണ്ട് ഹദ്റത്ത് ശേഖ് നൂർ അഹ്മദ് സാഹിബ് വിവരിക്കുന്നു: എന്റെ പിതാവും പിതൃസഹോദരനും പറയുമായിരുന്നു, മിർസാ സാഹിബിന്റെ താലൂക്കിലായിരുന്നു ഞങ്ങളുടെ ഗ്രാമം. കുറച്ചു കാലം ഹുസൂർ(അ) ആയിരുന്നു തന്റെ പിതാവിന്റെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. ഞങ്ങളുമായി ബന്ധപ്പെട്ട കേസിന്റെ കാര്യത്തിലും അദ്ദേഹത്തിന് കോടതിയിൽ പോകേണ്ടി വന്നിരുന്നു. കേസിൽ എന്തു നഷ്ടം സംഭവിച്ചാലും അവിടുന്ന് എപ്പോഴും സത്യത്തെ അവലംബിക്കുകയാണ് ചെയ്തത്.

ഹദ്റത്ത് മിയാൻ അല്ലാഹ് യാർ സാഹിബ് പറയുന്നു: ഹദ്റത്ത് സാഹിബിന് ഇരുപത്തഞ്ചോ മുപ്പതോ വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹത്തിന്റെ പിതാവിന് പാട്ടക്കാരുമായി മരം മുറിക്കുന്നതിനെ ചൊല്ലി തർക്കമായി. ഭൂമി നമ്മുടേത് ആയതിനാൽ മരവും നമ്മുടെ ഉടമസ്ഥതയിലുള്ളതാണെന്ന കാഴ്ചപ്പാടായിരുന്നു പിതാവിന് ഉണ്ടായിരുന്നത്. കേസ് നടത്താൻ വാഗ്ദത്ത മസീഹാണ് ഗുരുദാസ്പൂർ കോടതിയിൽ പോയി. കൂടെ രണ്ട് സാക്ഷികളും ഉണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് വഴിമദ്ധ്യേ സാക്ഷികളോട് പറഞ്ഞു: ഉപ്പ വെറുതേ നിർബന്ധം പിടിക്കുകയാണ്. മരവും കൃഷിപോലെത്തന്നെയാണ്. ഈ പാവങ്ങൾ അത് മുറിച്ചെടുത്താൽ തന്നെ എന്താണ് കുഴപ്പം? ഇത് ഞങ്ങളുടേതു മാത്രമാണെന്ന് കോടതിയിൽ പറയാൻ എനിക്കാവില്ല. ഞങ്ങൾക്കും അവകാശം ഉണ്ടെന്ന് പറയാം. പാട്ടക്കാർക്കും വാഗ്ദത്ത മസീഹിനെ വിശ്വാസമായിരുന്നു. മജിസ്ട്രേറ്റ് അവരോട് ചോദിച്ചപ്പോൾ അവർ നിസ്സങ്കോചം മിർസാ സാഹിബിനോടു തന്നെ ചോദിച്ചുകൊള്ളാൻ പറഞ്ഞു. വാഗദത്ത മസീഹിനോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു:

*എന്റെ അഭിപ്രായത്തിൽ മരവും കൃഷിയുടെ ഗണത്തിൽപെടുന്നു. കൃഷിയിൽ ഞങ്ങൾക്ക് അവകാശമുള്ളതുപോലെ മരത്തിലും ഞങ്ങൾക്ക് അവകാശമുണ്ട്.*

അങ്ങനെ അദ്ദേഹത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മജിസ്ട്രേറ്റ് പാട്ടക്കാർ അനുകൂലമയി വിധി പുറപ്പെടുവിച്ചു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: സത്യസന്ധതയുമായി ബന്ധപ്പെട്ട് വാഗ്ദത്ത മസീഹിന്റെ ജീവിതത്തിലെ ഏതാനും സംഭവങ്ങളാണ് ഞാൻ അവതരിപ്പിച്ചത്. അവിടുന്ന് എപ്പോഴും സത്യത്തിന് പ്രാമുഖ്യം നല്കുകയാണ് ചെയ്തത്. കളവിനെ സമീപിക്കുക പോലും ചെയ്തില്ല. സത്യത്തിൽ സദാ നിലകൊള്ളണമെന്ന ഉപദേശമാണ് അവിടുന്ന് തന്റെ വിശ്വാസികൾക്കും നല്കിയത്. മാത്രമല്ല, കളവിനെ വെറുക്കുകയും സത്യത്തിൽ നിലകൊള്ളുകയും ചെയ്യുമെന്ന് ബൈഅത്ത് നിബന്ധനയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആകയാൽ സത്യസന്ധതയെ നമ്മുടെ സവിശേഷഗുണമാക്കേണ്ടത് നമുക്ക് നിർബന്ധമാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 01.05.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516